മി.സ്പീക്കർ : ഇത് ചോദ്യോത്തര സമയമാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : നിങ്ങൾ പട്ടിണിമരണത്തെപ്പറ്റി പറഞ്ഞതു പോലുള്ള വാർത്ത ഞങ്ങളുടെ ശ്രദ്ധയിലും പെട്ടു. അതുസംബന്ധിച്ച് കളക്ടറോട്, അടിയന്തരമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു. കളക്ടർ ആ പ്രദേശങ്ങളിൽ പോയി. പട്ടിണിമരണമുണ്ടായി എന്നു പറയുന്ന പ്രദേശങ്ങളിൽ ആവശ്യമായ എല്ലാ നടപടികളും എടുക്കാനും സൗജന്യ റേഷനടക്കം കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടെ സൗജന്യ റേഷനടക്കമുള്ള എല്ലാ സൗകര്യങ്ങളും ചെയ്യുന്നതിനുവേണ്ടി കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നടപടികൾ നടന്നോയെന്നുള്ളത് നിങ്ങൾ അന്വേഷിക്കണം. അത് അന്വേഷിച്ചിട്ട് അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ നാളെ ഈ സഭയിൽ പറയണം. മരണമുണ്ടായ സ്ഥലങ്ങളിൽ അടിയന്തിര ആശ്വാസ നടപടികൾക്കാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ടും എനിക്ക് കിട്ടിയിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

മി.സ്പീക്കർ : അത് മതി.

ജനകീയാസൂത്രണം സംബന്ധിച്ച അന്തർദേശീയ സെമിനാർ

2 (*2) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി സുധാകരൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 മേയ് 23 മുതൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജനകീയാസൂത്രണ അന്തർദേശീയ സെമിനാറിൽ ഏതെല്ലാം രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു ;

(ബി) ആ സെമിനാറിന്റെ പൊതുവായ വിലയിരുത്തലുകൾ എന്തൊക്കെയാണ് ;

(സി) ജനകീയാസൂത്രണം സംബന്ധിച്ച് വിദേശ പ്രതിനിധികളുടെ അഭിപ്രായങ്ങൾ എന്തായിരുന്നു ;

(ഡി) ജനകീയാസൂത്രണം നടത്തിപ്പിന് ഈ സെമിനാർ എത്രമാത്രം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : (എ) 2000 മേയ് മുതൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജനകീയാസൂത്രണ അന്താരാഷ്ട്ര സെമിനാറിൽ ബ്രസീൽ, കാനഡ, ചൈന, ക്യൂബ, ഹെയ്തി, മെക്സിക്കോ, നെതർലാൻഡ്, സൗത്ത് ആഫ്രിക്ക, ശ്രീലങ്ക, സ്വീഡൻ, അമേരിക്ക, കൊറിയ, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേയും വിദേശ സർവ്വകലാശാലകളിലേയും പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

(ബി) നാലുവർഷംകൊണ്ട് പ്രാദേശിക പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനുള്ള കാര്യപ്രാപ്തി കേരളത്തിലെ തദ്ദേശ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾക്ക് ഉണ്ടായി. പാർപ്പിടം, കുടിവെള്ളം, ശുചിത്വം, റോഡ്, പച്ചക്കറി ഉല്പാദനം, കൂടിൽ വ്യവസായം, എന്നീ മേഖലകളിൽ വളരെ ശ്രദ്ധേയമായ നേട്ടങ്ങൾ ജനകീയാസൂത്രണത്തിലൂടെ ഉണ്ടാക്കാൻ കഴിഞ്ഞു.

(സി) വിദേശ പ്രതിനിധികൾ എല്ലാവരും ജനകീയാസൂത്രണത്തിൽ കേരളത്തിലേതു പോലെ വളരെ ചുരുക്കം അനുഭവങ്ങളേ ഉണ്ടായിട്ടുള്ളൂ എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

(ഡി) ജനകീയാസൂത്രണത്തിലൂടെ നടപ്പിലാക്കിയ 250-ൽപ്പരം മാതൃകാ വികസന പ്രവർത്തനങ്ങൾ ഡോക്കുമെന്റു ചെയ്യുന്നതിനും ജനകീയാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിനും സമ്മേളനം പ്രയോജനപ്പെട്ടു. കൂടാതെ ജനകീയാസൂത്രണത്തിന്റെ ഭൗതികനേട്ടങ്ങൾ ക്രോഡീകരിക്കുവാൻ കഴിഞ്ഞുവെന്നത് ഈ സെമിനാറിന്റെ പ്രത്യേകതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. രാജേന്ദ്രൻ : അന്താരാഷ്ട്ര സെമിനാറിൽ ഏതെല്ലാം വിദേശ സർവ്വകലാശാലകളിലെ പ്രതിനിധികളാണ് പങ്കെടുത്തിരുന്നതെന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : അന്താരാഷ്ട്ര സെമിനാറിൽ ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി, മോണ്ടിക്ലയർ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി ഓഫ് ഓസ്ലോ, കൊളമ്പിയ യൂണിവേഴ്സിറ്റി, മൗണ്ട് സെന്റ് വിൻസന്റ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി കോളേജ് ബർക്കലി, യൂണിവേഴ്സിറ്റി ഓഫ് ബർബാൻ, ഈസ്റ്റേൺ യൂണിവേഴ്സിറ്റി, ശ്രീലങ്ക, കീൻസ് കോളേജ് ന്യൂയോർക്ക്, യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, ഹർബാർഡ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി ഓഫ് വിസ്ക്കോസിൽ, സൗത്ത് ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീലങ്ക. ഇത്രയും വിദേശ സർവ്വകലാശാലയിലെ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. രാജേന്ദ്രൻ : കേരളത്തിൽ നടപ്പിലാക്കിയതുപോലെ ജനകീയാസൂത്രണ പദ്ധതി ഇൻഡ്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്നുള്ളത് വിശദീകരിക്കാമോ?

ശ്രീ. ഇ. കെ. നായനാർ : കേരളത്തിൽ നടപ്പിലാക്കിയതുപോലുള്ള വികസന പദ്ധതി മറ്റ് ഒരു സംസ്ഥാനത്തിലും നടപ്പിലാക്കിയിട്ടില്ലെന്നുള്ളതാണ് കിട്ടിയിടത്തോളമുള്ള റിപ്പോർട്ട്.

ശ്രീ. ടി. കെ. ബാലൻ : ജനകീയാസൂത്രണം നാലാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ജനകീയാസൂത്രണത്തിന്റെ ഫലമായി നമ്മുടെ കേരളത്തിന്റെ വികസന മേഖലയിൽ എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് ഈ സെമിനാർ വല്ല വിലയിരുത്തലും നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശമെന്താണ്?

ശ്രീ. ഇ. കെ. നായനാർ : നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനു ജനങ്ങളുടെ സംഭാവന സ്വരൂപിക്കുന്നതിനു ഗണ്യമായ പ്രയോജനം ഈ പദ്ധതിയിലൂടെ ഉണ്ടായിട്ടുണ്ട്. പദ്ധതികൾക്കുള്ള ധനം പരമാവധി

പ്രയോജപ്പെടുത്താൻ കഴിയുന്നുവെന്നുള്ളത് ഈ പരിപാടിയുടെ ഒരു സവിശേഷതയാണ്.

ശ്രീ. ടി. കെ. ബാലൻ : ജനകീയാസൂത്രണത്തിനായി കഴിഞ്ഞ ഓരോ വർഷങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് എത്രമാത്രം സഹായ ധനം നൽകിയെന്നുള്ള വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : വ്യക്തമാക്കാം. 1997-98-ൽ 749 കോടി രൂപയും 1998-99-ൽ 950 കോടി രൂപയും 1999-2000-ൽ 1020 കോടി രൂപയും, 2000-2001-ൽ 1045 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീ. ജി. സുധാകരൻ : ജനകീയാസൂത്രണ പദ്ധതി കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. നായനാർ : കാർഷിക മേഖലയിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പച്ചക്കറിക്കൃഷി അഭിവൃദ്ധിപ്പെടുത്താൻ, ആവശ്യത്തിനുള്ള ഉല്പന്നങ്ങൾ സംസ്ഥാനത്തു തന്നെ ഉൽപ്പാദിപ്പിക്കാനും അത് സ്വയം സമ്പൂർണ്ണമാക്കാനും പരിശ്രമിച്ചിട്ടുണ്ട്. അത് മുക്കാൽ ഭാഗവും സാധിച്ചിട്ടുണ്ട്. മറ്റ് എല്ലാ കാർഷിക മേഖലയിലും പുരോഗതിയുണ്ടായിട്ടുണ്ട്. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. ജി. സുധാകരൻ : പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ജനകീയാസൂത്രണം നൽകിയ ഊന്നലിന്റെ ഫലമായുണ്ടായ നേട്ടങ്ങളെപ്പറ്റി വിശദീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : പാർപ്പിടപ്രശ്നം പരിഹരിക്കാൻ ജനകീയാസൂത്രണ പദ്ധതിയിൽ പരമപ്രാധാന്യം നൽകിയിട്ടുണ്ട്. ഈ വർഷത്തോടു കൂടി അഞ്ചു ലക്ഷത്തോളം വീടുകളും കുടിലുകളും നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അടുത്ത ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഭവനരഹിതരായ കുടുംബങ്ങളുണ്ടാകരുതെന്നാണ് ജനകീയാസൂത്രണ പദ്ധതിയുടെ ഉദ്ദേശവും ലക്ഷ്യവും.

ശ്രീ. പി. കെ. കുമാരൻ : ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ നിന്ന് ഏതെങ്കിലും പഞ്ചായത്ത് വിട്ടുനിന്നിട്ടുണ്ടോ? അങ്ങനെയുള്ള സ്ഥിതി ഗവൺമെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം ഭരണസമിതികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറായിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ഒരു പഞ്ചായത്തും വിട്ടുനിന്ന റിപ്പോർട്ട് കിട്ടിയിട്ടില്ല. ഒരു പഞ്ചായത്തിനും വിട്ടുനിൽക്കാൻ സാധിക്കുകയുമില്ല.

ശ്രീ. പി. കെ. കുമാരൻ : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും ക്രമക്കേടുകളുണ്ടായാൽ അത് പരിഹരിക്കുന്നതിനു എന്ത് സംവിധാനമാണ് നിലവിലുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : അതിനുവേണ്ടിയാണ് ഓംബുഡ്സ്മാൻ എന്നുള്ള സംവിധാനമുണ്ടാക്കിയിട്ടുള്ളത്. പദ്ധതിയിൽ വല്ല ക്രമക്കേടുമുണ്ടായാൽ അത് പരിഹരിക്കാൻ ഓംബുഡ്സ്മാൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അന്താരാഷ്ട്ര സെമിനാറിൽ പങ്കെടുത്തവർക്ക് ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ നേരിട്ട് പോയി കാണാൻ അവസരമുണ്ടായിട്ടുണ്ട്. അവർ ഏതെങ്കിലും സ്ഥലം സന്ദർശിച്ചിട്ടുണ്ടോ? ഒരു പത്രവാർത്ത ഉണ്ടായിരുന്നു. ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിന്റെ ആളുകൾ അടക്കം വടക്കൻ കേരളത്തിലെ ഒരു പാലത്തിൽ നിന്നും താഴോട്ടുപോയെന്നും രക്ഷപ്പെട്ടുവെന്നുമൊക്കെ. അത് ശരിയാണോയെന്നറിയില്ല. ഈ വിദേശ പ്രതിനിധികൾ നമ്മുടെ ജനകീയാസൂത്രണം നേരിട്ട് കണ്ടിട്ട് പ്രകടിപ്പിച്ച അഭിപ്രായം എന്താണ്? അത് വിശദീകരിക്കുമോ? ആ പത്രവാർത്തയെ സംബന്ധിച്ച നിജസ്ഥിതി അറിയാമോ?

ശ്രീ. ഇ. കെ. നായനാർ : ഒരു പാലത്തിൽ കൂടി കടന്നുപോയപ്പാൾ ആ പാലം ദുർബലമായതുകൊണ്ടാണ് പറ്റിയത്. അവർ ഫോട്ടോ എടുത്തിട്ടുണ്ട്, വീഡിയോ എടുത്തു കൊണ്ടു പോയിട്ടുണ്ട്, അവരുടെ രാജ്യത്ത് കാണിക്കാൻ. അതാണ് നിങ്ങൾ പത്രത്തിൽ കണ്ടത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : കേരളത്തിൽ നടപ്പിലാക്കിയതു പോലുള്ള ജനകീയാസൂത്രണ പദ്ധതിയുടെ പ്രവർത്തനം ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ലെന്ന് ബഹു.മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി കേരളത്തിലെ ജനകീയാസൂത്രണ പ്രവർത്തനം നേരിട്ട് പഠിക്കാൻ വന്നതായി ഒരു പത്രവാർത്ത കണ്ടു. കോൺഗ്രസ്സ്-(ഐ) യുടെ നേതാവായ ശ്രീ.അർജുൻസിംഗിന്റെ മകൻ മദ്ധ്യപ്രദേശിലെ മന്ത്രിയായ ശ്രീ അജയസിംഗ് കേരളത്തിലെ പല സ്ഥലങ്ങളിലും സന്ദർശിച്ച് കോഴിക്കോട് വന്നപ്പോൾ എന്റെ നിയോജക മണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾ നേരിട്ട് കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞ അഭിപ്രായം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതുപോലുള്ള മറ്റ് ഏതെങ്കിലും സംസ്ഥാനത്തു നിന്നും മന്ത്രിമാരും ബന്ധപ്പെട്ടവരും ഇത് പഠിക്കാൻ വന്നിട്ടുണ്ടോ? അവർ എന്തെങ്കിലും അഭിപ്രായം പറഞ്ഞിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : പറഞ്ഞിട്ടുണ്ട്. മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി എന്റെയും ഒരു സുഹൃത്താണ്. അദ്ദേഹം ഇവിടെ വന്ന് ഒരാഴ്ച താമസിച്ചു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു നിങ്ങൾ എന്തിനാണ് ഇവിടെ ഒരാഴ്ച താമസിക്കുന്നതെന്ന്. അദ്ദേഹം പറഞ്ഞു, നിങ്ങളുടെ പ്ലാനിംഗ് സിസ്റ്റത്തിന്റെ വികസനോന്മുഖമായ പ്രവർത്തനം കാണാൻ വന്നതാണ്. അതിനു ശേഷം ഞാനും മദ്ധ്യപ്രദേശിൽ പോയിരുന്നു. ആ ഒരു ശ്രമം പഞ്ചായത്തിൽ അദ്ദേഹം നടത്തിയിട്ടുണ്ട്. അത് വിജയപ്രദമാണോയെന്ന് പറയാൻ എനിക്ക് കഴിയുകയില്ല. ഇവിടത്തെ വികസനോന്മുഖമായ പ്രവർത്തനത്തിന്റെ ഭാഗമായി അദ്ദേഹത്തിന്റെ സംസ്ഥാനത്ത് കൊണ്ടുപോകാനുള്ള ഒരു ശ്രമമുണ്ട്. അത് പ്രായോഗികമായി തുടങ്ങിയെന്നാണ് പറഞ്ഞത്. തുടങ്ങിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇത് കണ്ടുപഠിക്കാൻ തന്നെയാണ് അദ്ദേഹം ഇവിടെ വന്നത്. ഇവിടെ വന്ന് ചില പഞ്ചായത്തുകൾ സന്ദർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.പാലോട് രവി : ഇവിടെ നടന്ന അന്തർദേശീയ സെമിനാറിനെക്കുറിച്ച് അങ്ങ് അന്വേഷിച്ചിട്ടുണ്ടോയെന്നറിയാൻ വേണ്ടിയാണ് ചോദിക്കുന്നത്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നൂറു കണക്കിനു വാഹനങ്ങൾ ദുരുപയോഗം ചെയ്ത് സ്റ്റേറ്റിന്റെ പുറത്തുവരെ പോയിട്ടുണ്ട്. ഈ സെമിനാറിനുവേണ്ടി എത്രരൂപ ചെലവായെന്ന് ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതൊന്ന് വെളിപ്പെടുത്താമോ? ഈ വാഹനങ്ങൾ ദുരുപയോഗപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ : വാഹനങ്ങൾ ദുരുപയോഗപ്പെടുത്തിയതും ബഹു:മെമ്പർ പറഞ്ഞതും ശ്രദ്ധിക്കാം. അത്രയേ പറയാനുള്ളൂ. കാരണം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാർ അവർക്ക് ആവശ്യംപോലെ ഉപയോഗിക്കാൻ കൊടുത്തിയിട്ടുണ്ട്. അത് സത്യമാണ്. അത് ദുരുപയോഗപ്പെടുത്തിയോയെന്ന് എനിക്കറിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ജനകീയാസൂത്രണത്തെപ്പറ്റി സംസ്ഥാന ഗവൺമെന്റ് തലത്തിൽ രണ്ടു തരത്തിലുള്ള എൻകയറീസ് ഉണ്ട്. ഒന്ന് ലോക്കൽ ഫണ്ടിന്റെയും രണ്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെയും, അതോടൊപ്പം തന്നെ എ.ജി.യുടെ ആഡിറ്റിംഗ് ഉണ്ട്. ഈ രണ്ടു, മൂന്നു തരത്തിലുള്ള ആഡിറ്റിംഗ് ഉണ്ടെന്നാണ് ഗവൺമെന്റ് പറഞ്ഞത്. ഇപ്പോൾ അതിന്റെ പരാതികൾ കേൾക്കാൻ വേണ്ടി ഓംബുഡ്സ്മാനെ ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്. ആ ഓംബുഡ്സ്മാൻ ഒരു ക്വാസി ജുഡീഷ്യൽ ബോഡിയാണ്. അതിൽ വ്യക്തമായ രാഷ്ട്രീയചായ്വുള്ള ആളുകളെ തിരുകിക്കയറ്റാനുള്ള പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ? ഉണ്ടെങ്കിൽ രാഷ്ട്രീയമായി വന്നിട്ടുള്ള ആളുകളെ ഒഴിവാക്കി ജുഡീഷ്യറിയിലുള്ള ആളുകളെ വയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. നായനാർ : ഓംബുഡ്സ്മാനിൽ 7 പേരുണ്ട്. 5 പേർ ഓഫീസേഴ്സ് ആണ്. ആദ്യത്തേത് ജഡ്ജിയാണ്. രണ്ടു പേർ നോൺ ഒഫിഷ്യൽസാണ്. അവരുടെ രാഷ്ട്രീയ പ്രബുദ്ധതകൊണ്ടു വച്ചതല്ല. അതാണല്ലോ ബഹു:മെമ്പർ ചോദിച്ചത്. ഈ 5 പേർക്ക് ഒഫിഷ്യലായിട്ട് തീരുമാനമെടുക്കാം. കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിൽ നടക്കുന്ന അഴിമതിയുണ്ടെങ്കിൽ റിപ്പോർട്ട് തരാൻവേണ്ടിയാണ്. ഇതിൽ 2 പേർ അവിശ്വാസം രേഖപ്പെടുത്തിയാലും 5 പേർക്ക് പാസ്സാക്കാമല്ലോ. ഭൂരിപക്ഷം ഓംബുഡ്സ്മാൻമാരും ഉദ്യോഗസ്ഥൻമാരാണ്. ജഡ്ജിയും. അതുകൊണ്ട് അതിൽ കുഴപ്പമില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ജനകീയാസൂത്രണത്തെ സംബന്ധിച്ച അന്തരാഷ്ട്ര സെമിനാറിൽ എത്ര തുക ചെലവായി. ഈ തുക എങ്ങനെയാണ് സംഭരിച്ചത്, ഗവൺമെന്റിന്റെ ഏത് ഫണ്ടാണ് ഇതിനു വേണ്ടി ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. നായനാർ : പ്രത്യേക ചോദ്യം തന്നാൽ പറയാം.

ശ്രീ. തോമസ് ചാഴികാടൻ : ബഹു:മുഖ്യമന്ത്രി ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു, സെമിനാറിൽ പങ്കെടുത്ത ഏതാനും പ്രതിനിധികൾ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ കാണാനായി പോയെന്നും ഒരു പാലം ദുർബലമായിരുന്നതുകൊണ്ട് അത് തകർന്ന് പ്രതിനിധികൾ താഴെപ്പോയെന്നും. അതുപോലെ കഴിഞ്ഞ ആഴ്ചയിൽ തൃശൂർ ജില്ലയിലെ ഒരു തടയണ ബഹുമാന്യനായ മന്ത്രി ഉത്ഘാടനം ചെയ്തതിന്റെ മൂന്നാം ദിവസം തകർന്നു പോയതായി വാർത്തയുണ്ടായിരുന്നു. ഇത് സൂചിപ്പിക്കുന്നത് ജനകീയാസൂത്രണത്തിലൂടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ അനേകം പദ്ധതികളുടെ ഗുണമേന്മ അഴിമതിമൂലവും മറ്റു പല കാരണങ്ങൾ കൊണ്ടും കുറഞ്ഞുപോകുന്നുവെന്നത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ആ പദ്ധതിയുടെ ഗുണമേന്മ ഉറപ്പാക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; അഴിമതി ഒഴിവാക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വികരിച്ചിരിക്കുന്നത്?

ശ്രീ. ഇ. കെ. നായനാർ : ഏത് അഴിമതിയെപ്പറ്റിയും അന്വേഷിക്കാനാണ് ഓംബുഡ്സ്മാന്റെ ഹൈലെവൽ കമ്മിറ്റി ഇവിടെ വന്നിട്ടുള്ളത്. അവർക്ക് എല്ലാ പഞ്ചായത്തുകളെപ്പറ്റിയും അന്വേഷിക്കാം. അതുപോലെതന്നെ നിങ്ങൾ പറഞ്ഞിട്ടുള്ള രണ്ട് പാലങ്ങൾ, മന്ത്രി പോയി വീണത് എനിക്കറിയില്ല. മറ്റത് വീണിട്ടില്ല. അത് കള്ളവാർത്തയാണ് സത്യവിരുദ്ധമാണ്. ആ പാലം പൊളിയാൻ പോകുന്നുവെന്ന് പിന്നിൽ വന്നവർ മനസ്സിലാക്കി. പാലം വീണിട്ടില്ല. മന്ത്രി പോയപ്പോൾ വീണോയെന്ന് എനിക്കറിയില്ല. കനത്ത മന്ത്രിയാണെങ്കിൽ ചിലപ്പോൾ ആ പാലം തകർന്നിട്ടുണ്ടാകും. ഇത്തരത്തിൽ വല്ല അപാകതയും ഉണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹാരം കാണും. വികസനോന്മുഖമായ പ്രവർത്തനത്തിൽ കേരളത്തിൽ പതിനായിരക്കണക്കിന് പാലങ്ങൾ ഉണ്ടാകുമ്പോൾ രണ്ടു പാലങ്ങൾ തകർന്നതുകൊണ്ട് മുഴുവൻ കുഴപ്പത്തിലാണെന്നു പറയുന്നതു ശരിയല്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : പാലംപൊളിഞ്ഞു പോകുന്നുവെന്നു പറഞ്ഞ് പ്രചരണം നടത്തുന്നത് തികച്ചും രാഷ്ട്രീയമായി ജനകീയാസൂത്രണത്തിന് എതിരായി ഒരു മറ ഉണ്ടാക്കാൻ വേണ്ടിയാണ്. ചപ്പാരപ്പടവ് പഞ്ചായത്ത് എന്നു പറയുന്നത് കോൺഗ്രസ്സ് ഭരിക്കുന്ന പഞ്ചായത്താണ്. ആ പഞ്ചായത്തിനുവേണ്ടി കമുങ്ങും തെങ്ങുതടിയും കൊണ്ട് എല്ലാ ജനങ്ങളും ചേർന്നുണ്ടാക്കിയ താൽക്കാലികമായ ഒരു പാലമുണ്ട്; ജനകീയാസൂത്രണത്തിന്റെ ഭാഗമായി മഴയില്ലാത്ത സന്ദർഭങ്ങളിൽ കടന്നുപോകാൻ വേണ്ടി ഉണ്ടാക്കിയിട്ടുള്ള കടവിന് ഉപയോഗിക്കുന്ന പാലം. ആ പാലം എല്ലാ കൊല്ലവും പണിതിട്ടുണ്ട്. എല്ലാ കൊല്ലവും പൊളിഞ്ഞുപോയിട്ടുമുണ്ട്. ഇപ്രാവാശ്യം മലയാളമനോരമ തുടങ്ങിയ പത്രങ്ങളെ അവിടെ വരുത്തിയത് വമ്പിച്ച രീതിയിൽ ജനകീയാസൂത്രണത്തിനെതിരായി പ്രചരിപ്പിക്കുന്നതിനുവേണ്ടിയാണ് . ആ കാര്യം ബഹു:മുഖ്യമന്ത്രിക്കറിയാമോ?

ശ്രീ. ഇ. കെ. നായനാർ : ചപ്പാരപ്പടവ് പഞ്ചായത്തും അറിയാം പാലവും അറിയാം. അതെല്ലാം എനിക്കറിയാവുന്നതാണ്. അവിടത്തെ എം.എൽ.എ അവിടെ ഇരിക്കുന്നു. തളിപ്പറമ്പ് താലൂക്കിൽപ്പെട്ടതാണ്. അവിടെ പ്രതിപക്ഷവും ഭരണപക്ഷവും കൂടി ചേർന്നുകൊണ്ടാണ് കമുകും മറ്റും ഉപയോഗിച്ച് ആ പാലമുണ്ടാക്കിയത്. അത് പൊളിഞ്ഞിട്ടുണ്ടെങ്കിൽ പകുതി പ്രതിപക്ഷവും പകുതി ഭരണപക്ഷവുമാകും. ആ സ്ഥലം മുഴുവൻ എനിക്ക് വിശദമായി അറിയാവുന്നതാണ്. അങ്ങനെ പൊളിഞ്ഞു എന്ന് വിചാരിക്കണ്ട.

LIBRARY ARCHIVES Kerala Legislative Assembly